ദുരിതാശ്വാസ നടപടികൾ

9 (1477) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് കൂട്ടക്കൊലയെ തുടർന്ന് ദുരിതത്തിലായ തദ്ദേശവാസികളെ സഹായിക്കുന്നതിന് സർക്കാർ റിലീഫ് ക്യാമ്പുകൾ ആരംഭിക്കാതിരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം ദുരിതാശ്വാസ നടപടികളാണ് സർക്കാർ സ്വീകരിച്ചത് ;

(സി) മറ്റേതെങ്കിലും സംഘടനകൾ ദുരിതാശ്വാസ പ്രവർത്തനം നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ ആരെല്ലാം ;

(ഡി) നെഹ്റു യുവകേന്ദ്രം സമാഹരിച്ച അരി ആർ.എസ്.എസ്. കേന്ദ്രങ്ങളിലൂടെയാണ് വിതരണം ചെയ്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുന്ന ഇത്തരം പ്രവർത്തനത്തിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ദുരിതത്തിലായ തദ്ദേശവാസികൾക്ക് മുന്നാഴ്ചത്തെ സൗജന്യറേഷൻ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് പ്രത്യേക റിലീഫ് ക്യാമ്പുകൾ റവന്യൂ വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടില്ല.

(ബി) മാറാട് ആക്രമണത്തെ തുടർന്ന് കൊല്ലപ്പെട്ടവരുടെ (9 പേർ) ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതവും പരിക്ക് പറ്റിയവർക്ക് (17 പേർക്ക്) 2000 രൂപ വീതവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ ദുരിതത്തിലായ തദ്ദേശവാസികൾക്ക് മുന്നാഴ്ചത്തെ സൗജന്യറേഷനും നൽകിയിട്ടുണ്ട്.

(സി) മാറാട് പ്രദേശത്ത് അരയ സമാജത്തിന്റെ കീഴിൽ ഏതാനും ദുരിതാശ്വാസ പ്രവർത്തനം നടക്കുന്നുണ്ട്.

(ഡി) ഇത്തരത്തിൽ അരി വിതരണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

അസ്ഗറിന്റെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകാൻ നടപടി

10 (1478) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് കൂട്ടക്കൊലയിൽ കൊല്ലപ്പെട്ട അസ്ഗറിന്റെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകാൻ തയ്യാറാകാതിരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ പരിഗണിക്കുമോ ;

(സി) അക്രമത്തിൽ കൊല്ലപ്പെട്ടവരിൽ എത്രപേർ മുമ്പ് കൊലക്കേസിലോ, മറ്റ് കേസ്സുകളിലോ പ്രതിയായിട്ടുണ്ട് ; ഏതെല്ലാം കേസ്സുകളിലാണെന്നും കേസ്സുകളുടെ സ്വഭാവം എന്താണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ)&(ബി) മാറാട് കൂട്ടക്കൊലയിൽ കൊല്ലപ്പെട്ട അസ്ഗറിന്റെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ അസ്ഗറിന്റെ ആശ്രിതർ ആരും തന്നെ സാമ്പത്തിക സഹായത്തിനായി ബന്ധപ്പെട്ടവരെ സമീപിക്കാത്തതിനാലും കൊല്ലപ്പെട്ട അസ്ഗറിന്റെ ആശ്രിതരുടെ മേൽവിലാസം അറിയാത്തതുകൊണ്ടും സാമ്പത്തിക സഹായം നൽകാൻ സാധിച്ചിട്ടില്ല.

(സി) മാറാട് കൂട്ടക്കൊലയിൽ കൊല്ലപ്പെട്ട ഒൻപത് പേരിൽ ഒരാളായ ബേപ്പൂർ അംശം, തെക്കേതൊടിയിൽ വീട്ടിൽ രാജൻ മകൻ പുഷ്പൻ എന്ന പുഷ്പരാജൻ മുമ്പ് താഴെപ്പറയുന്ന രണ്ട് കേസ്സുകളിൽ പ്രതിയായിട്ടുണ്ട്.

1. ബേപ്പൂർ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 45/99 അണ്ടർസെക്ഷൻ 143,147,148,307,302 ആർ/ഡബ്ല്യൂ149 ഐ.പി.സി.

2. ബേപ്പൂർ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 40/2002 അണ്ടർ സെക്ഷൻ 143,147,148,153 (എ), 450, 436 ആർ/ഡബ്ല്യൂ149 ഐ.പി.സി.

കുന്ദമംഗലം മണ്ഡലത്തിൽ നിന്ന് ചികിത്സാ ധനസഹായത്തിന് അപേക്ഷ നൽകിയിരുന്നവർ

11 (1479) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കുന്ദമംഗലം മണ്ഡലത്തിൽ നിന്ന് ചികിത്സാ ധനസഹായത്തിന് മുഖ്യമന്ത്രിക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്രപേർക്ക്, എത്ര തുകവീതം, ഏതൊക്കെ കാലയളവിൽ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും സഹായം ലഭിച്ചിട്ടില്ലാത്തവരെത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവർക്ക് എന്നത്തേയ്ക്ക് സഹായം ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായത്തിന് 143 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly